I ഇ.ബി. XIII – കേരള നിയമസഭ/II-14

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ഒക്ടോബർ 18, ചൊവ്വ

സഭയുടെ നടുത്തളത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് സത്യാഗ്രഹം തുടരുകയായിരുന്ന പ്രതിപക്ഷാംഗങ്ങൾ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ സഭയിൽ ഹാജരായപ്പോൾ എഴുന്നേറ്റ് അഭിവാദ്യം അർപ്പിച്ചശേഷം മുദ്രാവാക്യം വിളിച്ചുകൊണ്ട് സത്യാഗ്രഹം തുടരുകയും ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികളിലേക്ക് കടക്കുകയും ചെയ്തു.

**റൂളിംഗ്**

**സഭയ്ക്കുള്ളിൽ സത്യാഗ്രഹം**

മി. സ്പീക്കർ: പത്താം കേരള നിയമസഭയുടെ കാലയളവിൽ 17-07-2000-ൽ അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗിന്റെ പ്രസക്ത ഭാഗം ഉദ്ധരിക്കുകയാണ്. അനിശ്ചിതകാല സത്യാഗ്രഹസമരം സഭാഹാളിന് പുറത്ത് നടത്തുന്ന പതിവാണ് ഇവിടെ അംഗീകരിച്ചുപോന്നിട്ടുള്ളത്. സഭയ്ക്കുള്ളിൽ അനിശ്ചിതകാല സമരം ഒരു കീഴ്വഴക്കമായി അംഗീകരിച്ചാൽ ഒരിക്കലും സഭാനടപടികൾ സുഗമമായി നടത്താൻ കഴിയുകയില്ല. നിയമസഭ ജനാധിപ

ത്യത്തിന്റെ ശ്രീകോവിലാണ്. ജനാധിപത്യം സംരക്ഷിക്കുക മാത്രമല്ല ജനാധിപത്യത്തിന് നല്ല കീഴ്‌വഴക്കം സൃഷ്ടിക്കേണ്ട ബാധ്യതയും ഈ സഭയ്ക്കുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ലാത്ത സ്ഥിതിവിശേഷം സംജാതമായ സാഹചര്യത്തിൽ ഇന്നത്തെ ചോദ്യോത്തരവേളയും ശൂന്യവേളയും ചട്ടം 313 പ്രകാരം സസ്പെന്റ് ചെയ്യണമെന്ന് സഭ തീരുമാനിക്കുന്നു.

മി. സ്പീക്കർ : സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ലാത്ത സ്ഥിതിവിശേഷം സംജാതമായ സാഹചര്യത്തിൽ ഇന്നത്തെ ചോദ്യോത്തരവേളയും ശൂന്യവേളയും ചട്ടം 313 പ്രകാരം സസ്പെന്റ് ചെയ്തുകൊണ്ട് അടുത്ത നടപടികളിലേക്ക് കടക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ പി. മോഹനന്റെ ഭാഗത്തുനിന്നുണ്ടായ ചില നടപടികളുമായി ബന്ധപ്പെട്ട് ശ്രീ.എം. എ. ബേബി, എം.എൽ.എ. കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെയർ മന്ത്രിയെ ചേമ്പറിൽ വിളിച്ച് വിവരം ആരായുകയും കഴിഞ്ഞ ദിവസം സഭാനടപടികൾക്കിടയിൽ ചില അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായ പെരുമാറ്റവും ഒരിക്കലും സഭയ്ക്കുള്ളിൽ പറയാൻ പാടില്ലാത്ത കടുത്ത ഭാഷയുടെ പ്രയോഗവുമായി ബന്ധപ്പെട്ടാണ് പെട്ടെന്ന് അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് അത്തരം ഒരു നടപടി ഉണ്ടായതെന്ന് ചെയറിനെ അറിയിക്കുകയും അതിൽ അദ്ദേഹത്തിനുള്ള ഖേദം എഴുതിത്തരികയും ചെയ്തിട്ടുണ്ട്.

മുൻ എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ നിയമസഭാ ഹാളിനുള്ളിൽ ഓർക്കാതെ കടന്നുവന്നതാണെന്നും മനഃപൂർവ്വം അല്ലായിരുന്നു

വെന്നുമുള്ള വിവരം ചെയറിനോട് നേരിട്ട് പറയുകയും അതിലുള്ള വിഷമം അറിയിക്കുകയും ചെയ്തു. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്.

**റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി I-ന്റെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

**2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രിക്കുവേണ്ടി ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം (343,65,05,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീര വികസനം (43,27,30,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI-സാമൂഹ്യവികസനം(146,37,15,000 രൂപ)

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രിക്കുവേണ്ടി ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാവിലെ 8.40-ന് പിരിഞ്ഞു.)